<u>വിജ്ഞാപനം</u>

ഡി സി പി യു (എ)/1711/22 തീയതി : 04.07.22

വനിത ശിശു വികസന വകുപ്പിന്റെ കീഴിൽ സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന ആലപ്പുഴ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ താഴെ പറയുന്ന തസ്തികയിലേക്ക് ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിലേക്കായി ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നമ്പർ | തസ്തികയുടെ പേര് | പ്രതിമാസ ഹോണറേറിയം | ഒഴിവുകളുടെ എണ്ണം | യോഗ്യത |
|---|---|---|---|---|
| 1 | സോഷ്യൽ വർക്കർ | 21,175/- | 1 (FEMALE) | • സൈക്കോളജിയിലോ, സോഷ്യോളജിയിലോ, സോഷ്യൽ വർക്കിലോ ഉള്ള ബിരുദം അല്ലെങ്കിൽ ബിരുദാനന്തര ബിരുദം<br>• പ്രവർത്തി പരിചയമുള്ളവർക്ക് മുൻഗണന |

മേൽ സൂചിപ്പിച്ച ഒഴിവുകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇതിനോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന അപേക്ഷയുടെ മാതൃകയിൽ അപേക്ഷ ഫോം, യോഗ്യത, പ്രവർത്തി പരിചയം, ഫോട്ടോ, വയസ് എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 2022 ജൂലൈ 22 – ാം തീയതിക്കകം ജില്ലാ ശിശു സംരക്ഷണ ആഫീസർ, ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, കോൺവെന്റ് സ്ക്വയർ, ആലപ്പുഴ – 1 എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്. എഴുത്തു പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ ആയിരിക്കും നിയമനം

**<u>നിബന്ധനകൾ</u>**

- പ്രായപരിധി 01.07.22 ന് 40 വയസ് കവിയരുത്
- മുമ്പ് ഏതെങ്കിലും സർക്കാർ വകുപ്പുകളിൽ നിന്നും കൃത്യവിലോപത്തിന്റെ പേരിൽ പിരിച്ചുവിടപ്പെട്ടവർ അപേക്ഷിക്കേണ്ടതില്ല
- ആലപ്പുഴ ജില്ലാ നിവാസികൾ ആയിരിക്കണം
- അപൂർണ്ണവും വൈകി ലഭിക്കുന്നതും നിശ്ചിത മാതൃകയിൽ അല്ലാത്തതുമായ അപേക്ഷകൾ നിരസിക്കപ്പെടുന്നതായിരിക്കും

**<u>കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക</u> –** ജില്ലാ ശിശു സംരക്ഷണ ആഫീസർ, ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, കോൺവെന്റ് സ്ക്വയർ, ആലപ്പുഴ – 1, ഫോൺ : 0477 – 2241644 . അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി : **22.07.2022 വൈകിട്ട് 5.00 മണി വരെ**. അപേക്ഷ ഫോറത്തിന്റെ മാതൃകയ്ക്കും, വിവരങ്ങൾക്കും വനിത ശിശു വികസന വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ <u>http://wcd.kerala.gov.in/</u>സന്ദർശിക്കാവുന്നതാണ്

ജില്ലാ ശിശു സംരക്ഷണ ആഫീസർ
ആലപ്പുഴ

ജില്ലാ ശിശു സംരക്ഷണ പദ്ധതി ഓഫീസർ
(ഡി. സി. പി. യു)